ബോട്ടു ജെട്ടികൾ ആരംഭിക്കുവാൻ നടപടി

37(240) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിൽ രണ്ട് ബോട്ടു ജെട്ടികൾ ആരംഭിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൻമേൽ എന്തെങ്കിലും നടപടികൾ കൈ ക്കൊണ്ടിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) കണ്ണൂർ ജില്ലയിൽ ചെറുകുന്ന് ഗ്രാമപഞ്ചായത്തിൽ രണ്ട് ബോട്ടു ജെട്ടികൾ ഉൾപ്പെടെ, 12 ബോട്ടു ജെട്ടികൾ പണിയുന്നതിനും മറ്റ് അനുബന്ധ പണികൾക്കുമായി ഇറിഗേഷൻ ചീഫ് എൻജിനീയർ സമർപ്പിച്ചിരുന്ന ശുപാർശ സർക്കാർ പരിശോധിച്ചുവെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ ഭരണാനുമതി നൽകിയിട്ടില്ല.

ജല അതോറിറ്റി വിഭജനം

38(241) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. എഴുകോൺ നാരായണൻ :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലഅതോറിറ്റിയെ വിഭജിച്ച് കമ്പനികളാക്കണമെന്ന് നിർദ്ദേശം ഉണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര കമ്പനികളാക്കാനാണ് ഉദ്ദേശമെന്ന് വെളിപ്പെടുത്തുമോ ;

(സി) ജലഅതോറിറ്റിയെ ലാഭകേന്ദ്രങ്ങളായി മാറ്റാൻ ഉദ്ദേശമുണ്ടോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഇല്ല.

പാർവ്വതി പുത്തനാർ സഞ്ചാരയോഗ്യമാക്കുന്നതിന് പദ്ധതി

39(242) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരുവനന്തപുരത്ത് പാർവ്വതി പുത്തനാറിലെ മാലിന്യങ്ങൾ മാറ്റി സഞ്ചാരയോഗ്യമാക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ ; എങ്കിൽ ഇതിന്റെ പണി എത്രത്തോളമായി ;

(ബി) ഇപ്പോൾ ഇതിന്റെ പണി നടക്കുന്നുണ്ടോ ; ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാകും ; വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ടി.എസ്. കനാലിന്റെ ഭാഗമായ ഇടയാർ മുതൽ ആക്കുളം വരെയുള്ള കനാൽ നവീകരിക്കുന്നതിനുള്ള പദ്ധതി വിനോദസഞ്ചാര വകുപ്പിന്റെയും, കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പിന്റെയും സംയുക്ത സാമ്പത്തിക സഹകരണത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. ഇതിന്റെ ജോലി രണ്ട് ഭാഗത്തുനിന്നുമായി യന്ത്രസഹായത്തോടുകൂടി പുരോഗമിച്ചു വരുന്നു. ഈ ജോലി 2001 ജനുവരിയിൽ തീർക്കുവാൻ ആണ് ഉദ്ദേശിച്ചിരുന്നതെങ്കിലും, പ്രതീക്ഷിച്ചത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞില്ല. മാർച്ച് മാസത്തിന് മുൻപെങ്കിലും ഇതിന്റെ പണി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കൺസൾട്ടൻസി നിയമനം

40(243) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 5 ജില്ലകളിൽ കുടിവെള്ളം നൽകുന്നതിന് ജപ്പാൻ സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കാൻ പോകുന്ന പദ്ധതിയുടെ കൺസൾട്ടസിയെ നിയമിക്കാനുള്ള തീരുമാനം റദ്ദാക്കി റീ ടെണ്ടർ വിളിക്കാനുള്ള തീരുമാനം എന്നാണ് എടുത്തതെന്ന് വെളിപ്പെടുത്തുമോ ;

(ബി) റീ ടെണ്ടർ വിളിക്കാൻ തീരുമാനിച്ചതിനുശേഷം എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) റീ ടെണ്ടറിനായി ഗ്ലോബൽ ടെണ്ടർ വിളിച്ചിരുന്നോ ; ഇല്ലെങ്കിൽ എന്നാണ് വിളിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 6-9-2000-ൽ

(ബി&സി) സർക്കാർ തീരുമാനത്തിന് ജെ.ബി.ഐ.സി.യുടെ അംഗീകാരം ലഭ്യമാക്കുന്നതിലേക്കായി കേന്ദ്രസർക്കാരിന്റെ ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അവരുടെ മറുപടി ലഭ്യമായിട്ടില്ല. ജെ.ബി.ഐ.സി.യുടെ അനുവാദം കിട്ടിയശേഷമേ ടെണ്ടർ വിളിക്കുന്നതിനുള്ള തീയതി നിശ്ചയിക്കുവാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly